**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 832** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽഫീസ്,മെസ് ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽഫീസ്, മെസ് ഫീസ് ഇനങ്ങളിൽ എത്ര രൂപയാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് ആനുകൂല്യമായി (യഥാർത്ഥ താമസ ഭക്ഷണ ചെലവ് (ABLC) ) നിലവിൽ പ്രതിമാസം പരമാവധി 4,500/- രൂപ അനുവദിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3500/- രൂപവരെയും സ്വാശ്രയ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ / മെസ് ഫീസ് ഇനത്തിൽ പരമാവധി 4500/- രൂപയും അനുവദിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഫീസ് ഇനത്തിൽ അധികമായി വേണ്ടിവരുന്ന തുക വിദ്യാർത്ഥികളിൽ നിന്നും മാനേജ്മെന്റ് നിർബന്ധമായി ഈടാക്കുന്നതായും തുക നൽകാൻ കഴിയാത്തവരുടെ സർട്ടിഫിക്കറ്റ് തടഞ്ഞു വയ്ക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സർട്ടിഫിക്കറ്റ് തടഞ്ഞു വയ്ക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ഫീസുകൾ ലഭിച്ചില്ലെന്ന കാരണത്താൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കാൻ പാടില്ല എന്ന് സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഫീസ് ഇനത്തിൽ നൽകിവരുന്ന തുക അപര്യാപ്തമായതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട, സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ Actual Boardings and Loadging Charges (ABLC) ഏകീകരിച്ച് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ